(31). തൃശ്ശൂരിലെ കോൾകൃഷിക്കാരുടെ പമ്പിംഗ് സബ്സിഡി

ശ്രീ. കെ. പി. പ്രഭാകരൻ : സർ, തൃശ്ശൂർ ജില്ലയിലെ ഏതാണ്ട് മുപ്പതിനായിരത്തോളം വരുന്ന കൃഷിക്കാർ അരയേക്കറും ഒരേക്കറും ഭൂമിയുള്ള വരാണ്. 1983-'84, 1984-'85 എന്നീ വർഷങ്ങളിലായി 51 ലക്ഷം രൂപ പമ്പിംഗ് സബ്സിഡി വകയിൽ അവർക്ക് കൊടുക്കാനുണ്ട്. കഴിഞ്ഞവർഷംതന്നെ വമ്പിച്ച ഉണക്കും മുഞ്ഞ ബാധയുമുണ്ടായതിനെത്തുടർന്ന് കൃഷിയിറക്കാൻ കഴിയാത്ത സാഹചര്യത്തിൽ മുഖ്യമന്ത്രിതന്നെ കൃഷി വകുപ്പുമന്ത്രിയും കർഷകപ്രതിനിധികളുമായി ചർച്ചചെയ്തത് 1985-'86-ലെ കൃഷിയിറക്കുന്നതിനു മുമ്പുവരെയുള്ള കുടിശ്ശിക കൊടുത്തുതീർക്കുമെന്ന് ഉറപ്പു നൽകിയിട്ടാണ് കൃഷിയിറക്കിയതുതന്നെ. കുറെ സംഖ്യ കുടിശ്ശികയിനത്തിൽ കൊടുത്തിട്ടുണ്ട്. ആ സംഖ്യ കൊടുത്തുകഴിഞ്ഞതിനുശേഷം വീണ്ടും കുടിശ്ശിക വർദ്ധിച്ചിരിക്കുകയാണ്. 1983-84-ൽ ഗവൺമെൻറ് ആദ്യമായി രണ്ടാംകൃഷിക്ക് തൃശ്ശൂരിലും കുട്ടനാട്ടിലും 25 ശതമാനം വർദ്ധിച്ച നിരക്കിൽ സബ്സിഡി അനുവദിച്ചതാണ്. വർദ്ധിപ്പിച്ച സബ്സിഡി തൃശ്ശൂരിലെ രണ്ടാംകൃഷി എടുക്കുന്ന കൃഷിക്കാരിൽ 40 ശതമാനം പേർക്കുപോലും കിട്ടിയിട്ടില്ല. ഈ 40 ശതമാനം ആളുകളിൽ അധികവും മണലൂർ മണ്ഡലത്തിൽപ്പെട്ടവരാണ്. 1984-'85-ൽ പതിവു കൃഷിക്കാർക്ക് കൊടുക്കാനുള്ള 39 ലക്ഷം രൂപയിൽ 12 ലക്ഷം രൂപ മാത്രമേ കൊടുത്തിട്ടുള്ളൂ. അതിൽ 27 ലക്ഷം രൂപയോളം, കുടിശ്ശികയുണ്ട്. രണ്ടാംകൃഷിക്ക് പതിനേഴ് ലക്ഷം രൂപ കുടിശ്ശികയുണ്ട്. ഒരു പൈസ കൊടുത്തിട്ടില്ല. ഈ രണ്ടു വർഷത്തേക്ക് 51 ലക്ഷം രൂപ കുടിശ്ശികയുണ്ട്. ഈ വർഷത്തെ വിളവെടുപ്പ് അവസാനിക്കാൻ പോവുകയാണ്. ഏപ്രിൽ ആകുമ്പോഴേക്കും 1985-'86-ലേത് 39 ലക്ഷം രൂപ കൊടുക്കണം. ഉണക്കും മുഞ്ഞബാധയുംകൊണ്ട് നഷ്ടംവന്ന കൃഷിക്കാർക്ക് എന്തെങ്കിലും ആശ്വാസം കൊടുക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പു കൊടുത്തതാണ്. നഷ്ടം സംഭവിച്ചതിൽ പത്തുശതമാനം ആളുകൾക്ക് കൊടുത്തത് ഏതാണ്ട് ഒരുലക്ഷം രൂപയാണ്. 90 ശതമാനം ആളുകൾക്കും ഒരു നയാപൈസപോലും കൊടുത്തിട്ടില്ല. 101 കോടി രൂപയുടെ ബാങ്ക് ബാലൻസുള്ള ഒരു ഗവൺമെൻറാണ് നമ്മുടെ സംസ്ഥാനഗവൺമെൻറ്. ഈ കൃഷിക്ക് മൂന്നു കൊല്ലമായിട്ട് കൊടുക്കാനുള്ള കുടിശ്ശികയും മറ്റും അടിയന്തിരമായി കൊടുക്കാനുള്ള നടപടി ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സ്വീകരിക്കണം. നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ കയ്യിൽ 101 കോടി രൂപയുടെ ബാങ്ക് ബാലൻസ് കിടക്കുകയാണ്. കൃഷിവകുപ്പുമന്ത്രിയുടെ അശ്രദ്ധകൊണ്ടാണ് കിട്ടാത്തതെന്നാണ് പാവപ്പെട്ട കൃഷിക്കാർ വിചാരിക്കുന്നത്. അതിനുവേണ്ടി എന്തെങ്കിലും നടപടിയെടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, 1983-84-ലേക്കുള്ള തുക മുഴുവൻ കൊടുത്തുകഴിഞ്ഞുവെന്നാണ് അറിവ്. 1984-85-ൽ കൊടുക്കുവാനുള്ളതിൽ 12 ലക്ഷം രൂപ ഇക്കൊല്ലം കൊടുത്തുകഴിഞ്ഞു. ബാക്കി കൊടുക്കാനുള്ള തുക നൽകാൻവേണ്ട നടപടികളും എടുത്തുവരികയാണ്. തെക്കെ കോഞ്ചിറ, വടക്കെ കോഞ്ചിറ, കിഴക്കെ കരിമ്പാളം, പടിഞ്ഞാറെ കരിമ്പാളം, ഏലമുട തുടങ്ങിയ സ്ഥലങ്ങളിൽ മുഞ്ഞബാധമൂലം 8.25 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്നാണ് കണക്ക്. അവിടെ ദുരിതാശ്വാസ നടപടികളും എടുത്തുവരികയാണ്. ഇതിനകം ഒന്നരലക്ഷം രൂപ കൊടുത്തുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly